"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പോലീസ് വകുപ്പ് - ആലപ്പുഴ ജില്ലയിലെ വീയപുരം പോലീസ് സ്റ്റേഷനു വേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ വാട്ടർ കണക്ഷൻ സ്ഥാപിക്കുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1151/2025/HOME തീയതി,തിരുവനന്തപുരം, 03-04-2025

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 27.02.2025 തീയതിയിലെ എച്ച്12-38216/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ വീയപുരം പോലീസ് സ്റ്റേഷനു വേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനായി എടത്വ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം 12,210/- രൂപയുടെ ചെലവു വരുമെന്നും ആയത് 2055-00-109-99-00-34 OC എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ വീയപുരം പോലീസ് സ്റ്റേഷനു വേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ വാട്ടർ കണക്ഷൻ സ്ഥാപിക്കുന്നതിനായി 12,210/- രൂപ (പന്ത്രണ്ടായിരത്തി ഇരുന്നൂറ്റിപ്പത്ത് രൂപ മാത്രം) 2055-00-109-99-00-34 OC എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനു ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (27.03.2025 ലെ വ്യയം-എ3/171/2025/ധനം (ഇ-3100399) പ്രകാരം)
ഡയറക്ടർ, ഐ&പി.ആർ.ഡി. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Jalaja Kumari M S**
**Date: 03-04-2025 11:21:05**
സെക്ഷൻ ഓഫീസർ